നം./എഫ്4- 13573/2014

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
എറണാകുളം, തീയതി. 22.11.2014.

പ്രേഷിതൻ

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ,
എറണാകുളം.

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർക്കും/
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്കും

സർ,

വിഷയം:- 7-ാം-മത് കുട്ടികളുടെ ജൈവ വൈവിധ്യ കോൺഗ്രസ് ജില്ലാ മത്സരങ്ങൾ സംഘടിപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന:- ഈ ആഫീസിലെ പുറത്തെഴുത്ത് കത്ത് നം. F4/13573/2014 തീയതി 23.09.14

............

മേൽ സൂചനയിലേക്ക് താങ്കളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. ഏഴാമത് കുട്ടികളുടെ ജൈവ വൈവിധ്യ കോൺഗ്രസിനോടനുബന്ധിച്ചുള്ള ജില്ലാതല മത്സരങ്ങൾ 26.11.14 ന് രാവിലെ 10 മണിക്ക് എറണാകുളം എസ്.ആർ.വി സ്കൂളിൽ വച്ച് നടത്തുന്നതാണ്. പെയിന്റിഗ് മത്സരം, ഉപന്യാസ മത്സരം, കുട്ടികൾ തയ്യാറാക്കിയ പ്രൊജക്ടുകളുടെ പ്രദർശനം എന്നിവയാണ് ഈ പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്നത്.

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും അവരുടെ ജില്ലയിൽ നിന്ന് 2 കുട്ടികളെ വീതം തിരഞ്ഞെടുത്ത് യു.പി. വിഭാഗം പെയിന്റിംഗ്, ഉപന്യാസ മത്സരങ്ങൾക്ക് വിടേണ്ടതാണ്. അതുപോലെ തന്നെ, ഒരു ഉപജില്ലയിൽ നിന്ന് 2 കുട്ടികളെ വീതം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തിരഞ്ഞെടുത്ത് ഹൈസ്ക്കൂൾ വിഭാഗം മത്സരങ്ങൾക്ക് വിടണം. ഒരു ഉപജില്ലയിൽ നിന്ന് രണ്ടു വിഭാഗങ്ങളിലുമായി മൊത്തം 8 കുട്ടികളെയാണ് തിരഞ്ഞെടുക്കേണ്ടത്. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ചായ, ഭക്ഷണം മത്സരത്തിനാവശ്യമായ പേപ്പർ എന്നിവ സംഘാടക സമിതി നൽകുന്നതാണ്. മേൽ സൂചിപ്പിച്ച കത്തിലെ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കും മത്സരങ്ങൾ സംഘടിപ്പിക്കുക.

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും മത്സരത്തിൽ പങ്കെടുക്കേണ്ട കുട്ടികളെ ഉടൻ തന്നെ തിരഞ്ഞെടുക്കേണ്ടതും അവർ എല്ലാവരും തന്നെ പരിപാടിയിൽ പങ്കെടുത്തുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കുട്ടികളുടെ രജിസ്ട്രേഷൻ 26.11.14 ന് രാവിലെ 9 മണിക്ക് നടക്കുന്ന വിവരം ബന്ധപ്പെട്ട സ്ക്കൂളുകളെ അറിയിക്കണം. കുട്ടികളെ തിരിച്ചറിയൽ രേഖ സഹിതം അയക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)
വിദ്യാഭ്യാസ ഉപഡയറക്ടർ,
എറണാകുളം

ആർ.കെ/